# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *432 — 21.07.2015-ൽ മറുപടിയ്ക്ക്

### ബ്ലോക്ക് പഞ്ചായത്തുകളുടെ പുന:സംഘടന

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.എ.കെ.ബാലൻ<br>ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീമതി പി.അയിഷാ പോറ്റി | | ശ്രീ. കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി ) | |
| എ) | ബ്ലോക്ക് പഞ്ചായത്തുകളെ പുന:സംഘടിപ്പിക്കുവാനുള്ള തീരുമാനം കൈക്കൊള്ളാൻ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തൊക്കെയാണെന്നറിയിക്കാമോ ; | എ) | വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന ഫണ്ട് വിനിയോഗം കാര്യക്ഷമ മാക്കുന്നതിനും, ഗ്രാമ പ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനും, സംസ്ഥാനത്തെ നിയമസഭാ നിയോജക മണ്ഡലങ്ങളും വികസന ബ്ലോക്കുകളും പരസ്പരം ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം സുഗമമാക്കുന്നതിനും നിയമസഭ മണ്ഡലത്തിലുൾപ്പെടുന്ന ബ്ലോക്കുകളുടെ എണ്ണം കഴിയുന്നിടത്തോളം ഒന്നും പരമാവധി രണ്ടുമായി മൂന്നിൽ കവിയാത്ത രീതിയിൽ ക്രമീകരിക്കുന്ന തിനുമാണ് ബ്ലോക്ക് പഞ്ചായത്തുകളെ പുന:ക്രമീകരിക്കാൻ തീരുമാനിച്ചത്. |
| ബി) | ഇതിനായി എന്തെങ്കിലും പഠനങ്ങൾ നടത്തിയിരുന്നുവോ; എങ്കിൽ പഠനത്തിൽ നിന്നും ഉരുത്തിരിഞ്ഞ വസ്തുതകൾ എന്തെല്ലാമാണെന്നറിയിക്കാമോ ; | ബി) | 08.04.2015-ലെ സ.ഉ (സാധാ) 1079/2015/തസ്വഭവ പ്രകാരം ഗ്രാമവികസന കമ്മീഷണർ കൺവീനറായി നിയമിച്ച ഉപസമിതി ഇക്കാര്യത്തിൽ പഠനങ്ങൾ നടത്തിയിരുന്നു. പഠനത്തിൽ നിന്നും ഉരുത്തിരിഞ്ഞ വസ്തുതകൾ ചുവടെ ചേർക്കുന്നു.<br>1) 20 നിയോജകമണ്ഡലങ്ങൾ ഒരു ബ്ലോക്ക് പരിധിയിൽ മാത്രം നിലനിൽക്കുന്നതാണ്. ഈ നിയോജകമണ്ഡലങ്ങളിൽ നിലവിലുള്ള |

| | | | |
|---|---|---|---|
| | | | അവസ്ഥ തുടരാം.<br>2) 58 നിയോജകമണ്ഡലങ്ങളിൽ ബ്ലോക്കുകളുടെ എണ്ണം ഒന്നായി പുന:ക്രമീകരിക്കാം.<br>3) 3 നിയോജക മണ്ഡലങ്ങളിൽ നിലവിലുള്ള ബ്ലോക്കുകളുടെ എണ്ണം നാലിൽ നിന്ന് രണ്ടായും 18 നിയോജക മണ്ഡലങ്ങളിൽ ബ്ലോക്കുകളുടെ എണ്ണം മൂന്നിൽ നിന്ന് രണ്ടായും കുറയ്ക്കാം.<br>4) 20 നിയോജകമണ്ഡലങ്ങളിൽ വിവിധ കാരണങ്ങളാലും 13 നിയോജക മണ്ഡലങ്ങളിൽ പുന:ക്രമീകരിക്കേണ്ട ഗ്രാമപഞ്ചായത്തിൽ ബ്ലോക്ക് ആസ്ഥാനം നിലനിൽക്കുന്നതിനാലും ഈ 33 (20+13=33) നിയോജകമണ്ഡലങ്ങളിലെ എല്ലാ ഗ്രാമപഞ്ചായത്തുകളെയും ഒരു ബ്ലോക്കിൽ ഉൾകൊള്ളിക്കത്തക്ക രീതിയിൽ പുന:ക്രമീകരണം പ്രായോഗികമല്ല. മേൽ 33 നിയമസഭാ മണ്ഡലങ്ങളിൽ 2 നിയോജക മണ്ഡലങ്ങളിൽ (കാഞ്ഞിരപ്പള്ളി, നാട്ടിക) മൂന്ന് ബ്ലോക്കുകളും 31 നിയോജക മണ്ഡലങ്ങളിൽ രണ്ട് ബ്ലോക്കുകൾ വീതവും തുടരാം. |
| സി) | നിയമസഭാ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ആയിരിക്കണം പുന:സംഘടന എന്ന് ശിപാർശ ചെയ്യപ്പെട്ടിരുന്നുവോ ; എങ്കിൽ അതിനനുസൃതമായിട്ടാണോ ഇപ്പോൾ പുന:സംഘടന നടക്കുന്നത് എന്നറിയിക്കാമോ? | സി) | ബ്ലോക്ക് പഞ്ചായത്തുകളുടെ പുന:സംഘടന നിയോജകമണ്ഡലാടിസ്ഥാനത്തിലായിരിക്കണമെന്ന് ശിപാർശ ചെയ്തിരുന്നു. അതിനനുസൃതമായിട്ടാണ് ഇപ്പോൾ പുന:സംഘടന നടത്താനുദ്ദേശിക്കുന്നത്. പുന:സംഘടന അന്തിമഘട്ടത്തിലാണ് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കഴിഞ്ഞാൽ മാത്രമേ അവസാന ചിത്രം വ്യക്തമാകൂ. |

സെക്ഷൻ ഓഫീസർ